| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## FINAL EXAMINATION 2017-18

## MALAYALAM

Code:MZML02

CLASS: VIII

Time Allotted: 2 ½ Hrs.

15.03.2018

Max .Marks: 80

**General Instructions :**
1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

Qns | Marks

**I** **അർഥം എഴുതുക** ½ x5=2½

1. പേടകം
2. ദൃഢഗാത്രൻ
3. ക്ഷിപ്രം
4. മന്ദമാരുതൻ
5. മഞ്ജരി

**II** **പര്യായം എഴുതുക** 1x5=5

1. കുതിര
2. സൂതൻ
3. കല്ല്
4. നിലാവ്
5. പ്രഭാതം

**III** **വിപരീതം എഴുതുക** ½ x5=2½

1. അഭിമാനം
2. അനുകൂലം
3. സ്വാതന്ത്ര്യം
4. വിശ്രമം
5. കഠിനം

**IV** **എതിർലിംഗമെഴുതുക** ½ x5=2½

1. പ്രവാചകൻ
2. മണവാളൻ
3. ജനയിത്രി
4. വിനീത
5. പ്രഭു

**V** **അർഥവ്യത്യാസം എഴുതുക** 1x4=4

1. അംഗം, അങ്കം
2. പ്രിയം, പ്രായം
3. ദശകം, ശതകം
4. ഒളി, ഒലി

**VI** **നാനാർഥം എഴുതുക** 1x4=4

1. ഭൂതി
2. ആശ
3. ഫലം
4.. മൂലം

**VII** **ശരിയായപദം തിരഞ്ഞെടുത്തെഴുതുക** ½ x5=2½

1. വർദന, വർഥന, വർധന
2. സ്പന്ദനം, സ്പന്തനം, സ്പന്ധനം
3. പ്രകാണ്ഡം, പ്രകാണ്ധം, പ്രകാണ്ഠം
4. ദൃഷ്ഠി, ദൃഷ്ട്ടി, ദൃഷ്ടി
5. സവിശേഷത, സവിഷേശത, സവിസേഷത

**VIII** **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** 1x5=5

1. ശിരസ്സുമാട്ടി
2. പണിയെടുത്ത്
3. അവിടവിടെ
4. തുള്ളിത്തുള്ളി
5. കുടയുമെടുത്ത്

**IX** **വാക്യത്തിൽ പ്രയോഗിക്കുക** 1x3=3

1. ബോധവാന്മാരാകുക
2. ശബ്ദമുയർത്തുക
3. ഓർമ്മപുതുക്കുക

**X** **ചേരുംപടി ചേർക്കുക** 1x4=4

| | |
|---|---|
| 1. കർണൻ | വയലാർ |
| 2. ഒരു യാത്ര | വള്ളത്തോൾ |
| 3. എനിക്കുമരണമില്ല | ഉള്ളൂർ |
| 4. അച്ഛനും മകളും | രാമപുരത്തുവാര്യർ |

**XI** **വിഗ്രഹിച്ച് സമാസം എഴുതുക** 1x5=5

1. യഥാശക്തി
2. ഇതിഹാസപുരാണങ്ങൾ

3. താപസമന്ത്രം
4. കുതിരപ്പുറം
5. സാമൂഹ്യസത്യം

**XII** **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5x1=5

"പറഞ്ഞ...........................................................

...........................................................മാകാം" (10 വരി)

**XIII** **പ്രയോഗം മാറ്റുക** 1x2=2

1. കശ്യപാശ്രമത്തിൽ വച്ച് വിശ്വാമിത്രൻ ശകുന്തളയെ കണ്ടു.
2. അധ്യാപകർ കൊടുക്കുന്ന ഗ്രന്ഥങ്ങൾ യേശു അതിവേഗം വായിച്ചു തീർത്തു.

**XIV** **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1x4=4

1. ജീവന്റെ ആദ്യത്തെ തുടിപ്പ് കവി ദർശിക്കുന്നത് എവിടെയാണ്?
2. "താപസമന്ത്രത്തിൽ തത്ത്വപരീക്ഷയാം
   പാപത്തിൽ പെട്ടുപോയ്" പാപത്തിൽപ്പെട്ടത് ആര്?
3. 'ശിഷ്യനും മകനും' എന്ന ഖണ്ഡകാവ്യം എഴുതിയത് ആര്?
4. "ശ്രീ ഭൂവിലസ്ഥിര-അസംശയം-ഇന്നുനിന്റെ-
   യാഭൂതിയെങ്ങു, പുനരെങ്ങു കിടപ്പതോർത്താൽ" എന്തിന്റെ കിടപ്പു
   കണ്ടിട്ടാണ് ഐശ്വര്യം ഭൂമിയിൽ സ്ഥിരമല്ലെന്ന് കവി പറയുന്നത്?

**XV** **ഉത്തരം എഴുതുക** 3x5=15

1. "ഞാനാണ:- തജയ്യനാം 'മനുഷ്യൻ' ചലിക്കുന്നൂ
   ഞാനഹർന്നിശ,-മെന്റെ സന്ദേശം ജയിക്കുന്നു!"
   ആശയം വിശദമാക്കുക
2. വിശ്വാമിത്രൻ ചിന്താക്കുഴപ്പത്തിലാകാൻ കാരണം എന്ത്?
3. കുചേലന്റെ ദ്വാരകയിലേക്കുള്ള യാത്ര കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ?
4. മലയാളി ജീവിതശൈലീ രോഗങ്ങൾക്ക് അടിമപ്പെട്ടത് എങ്ങനെ?
5. "കണ്ടേൻ ഞാൻ" സൂര്യൻ എന്തു കണ്ടെന്നാണ് വ്യക്തമാക്കുന്നത്?

**XVI** **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1x4=4

വിശ്വസാഹിത്യത്തിലെ ഒരു അത്ഭുത സംഭവമാണ് ഷേക്സ്പിയർ. അദ്ദേഹത്തിന്റെ മഹത്തരമായ ദുരന്തനാടകങ്ങളുടെ കൂട്ടത്തിൽ ഒരത്ഭുത സൃഷ്ടിയാണ് ആൻറണിയും ക്ലിയോപാട്രയും. പ്രേമകഥകളും ചരിത്ര കഥകളും ശുഭാന്തകഥകളും ശോകാന്തകഥകളും ഉൾപ്പെടെ നാൽപ്പത്തിനാലു

വയസ്സായപ്പോഴേക്കും ഷേക്സ്പിയർ മുപ്പതോളം നാടകങ്ങൾ എഴുതിക്കഴിഞ്ഞിരുന്നു.

ദു:ഖങ്ങളുമായി മല്ലിടുമ്പോഴുള്ള മനുഷ്യൻെറ സഹനശേഷിയും അതിൻെറ ദർശനം കാണികളിൽ ഉണർത്തുന്ന സഹാനുഭൂതിയുമാണ് ദുരന്തനാടകങ്ങളിലെ കേന്ദ്രബിന്ദു. ബുദ്ധി, വികാരം, ഭാവന, കായികശേഷി ഇവയിലെല്ലാം സമ്പന്നരായ മഹാന്മാർ പ്രായോഗിക ജീവിതരംഗത്ത് പരാജയപ്പെട്ടുപോകുന്നതിൻെറ ചിത്രമാണ് ഓരോ ദുരന്തനാടകവും പ്രദർശിപ്പിക്കുന്നത്. കേവലമായ ജീവിതത്തിൽ മഹത്ത്വത്തിൻെറ കാതലയ ഘടകം ഇല്ലെന്നു തന്നെയാണ് ഓരോ ദുരന്തനാടകവും പഠിപ്പിക്കുന്നത്. ആൻറണിയും ക്ലിയോപാട്രയും മഹത്തായ പരാജയത്തിൻെറ കഥയാണ്. ഓരോ ചുവടുവയ്പ്പിലും ലാഭനഷ്ടങ്ങൾ കണക്കാക്കി വ്യക്തമായ ലക്ഷ്യത്തിലേക്ക് ഏകാഗ്രമായി നീങ്ങുന്നവരാണ് ലോകത്തിലെ ജേതാക്കൾ. അവർ നീചന്മാരായിരിക്കണമെന്നില്ല, ജീവിക്കാൻ പഠിച്ച മിടുക്കന്മാരാണെന്നു പറഞ്ഞാൽ മതി. മിക്ക ദുരന്ത നാടകങ്ങളിലും പരാജയമടയുന്ന നായകൻെറ മറുഭാഗം ഇങ്ങനെയുള്ള കഥാപാത്രങ്ങൾക്കാണ് കൊടുത്തിരിക്കുന്നത്.

1. ഷേക്സ്പിയറുടെ ദുരന്തനാടകങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് ഏത്?
2. ദുരന്തനാടകങ്ങളിലെ കേന്ദ്രബിന്ദു എന്താണ്?
3. ഓരോ ദുരന്തനാടകവും പ്രദർശിപ്പിക്കുന്നത് എന്ത്?
4. ഷേക്സ്പിയറുടെ നാടകങ്ങളിലെ കഥകൾ ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്നു?

**XVII** നിങ്ങളുടെ വിദ്യാലയത്തിൻെറ പരിസരത്ത് വാഹന അപകടങ്ങൾ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊലിസ് ഇൻസ്പെക്റ്റർക്ക് ഒരു കത്ത് തയ്യാറാക്കുക 4x1=4

**XVIII** **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക** 6x1=6

മാറുന്ന ഭക്ഷണശീലങ്ങളും ആരോഗ്യപ്രശ്നങ്ങളും

അല്ലെങ്കിൽ

ആധുനിക ജീവിതശൈലി സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങൾ

****************************